ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1645.

14.08.2017 – ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ആർ.എസ്.ഐ./എ.പി.എസ്.ഐ. തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ (എം.ടി.എസ്.ഐ) തസ്തികയിലേക്ക്, സമാനമായ ആർ.എസ്.ഐ. (റിസർവ് സബ്ഇൻസ്പെക്ടർ)/എ.പി.എസ്.ഐ. (ആംഡ് പോലീസ് സബ്ഇൻസ്പെക്ടർ) (മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ്) തസ്തികയിലേയ്ക്ക് 18.05.2016 ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;<br><br>(ബി) 10.11.1975-ലെ സ.ഉ.(എം.എസ്) 24/76/ആഭ്യന്തരം അനുസരിച്ചുള്ള ആർ.എസ്.ഐ./എ.പി.എസ്.ഐ തസ്തികയും 24.01.2011-ലെ സ.ഉ.(പി) 20/11/ആഭ്യന്തരം അനുസരിച്ചുള്ള തസ്തികകളും സമാനമാണോ എന്ന് വിശദീകരിക്കുമോ; | (എ) യും (ബി) യും | യോഗ്യതകൾ വ്യത്യാസമുള്ളതിനാൽ MTSI ലിസ്റ്റിൽ നിന്നും RSI/APSI തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ കഴിയില്ല. പോലീസ് വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള 3 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 19.11.1975 ലെ സ.ഉ(കൈ)നം. 135/75/ആഭ്യന്തരം, 23.02.1976 ലെ സ.ഉ(കൈ)നം. 24/76/ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകൾ പോലീസ് വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റുകളിൽ വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ടി തസ്തികയിലേയ്ക്കുള്ള യോഗ്യത നിർദ്ദേശിച്ചു കൊണ്ടുള്ളതുമാണ്. 24.01.2011 ലെ സ.ഉ(പി)നം. 20/11/ആഭ്യന്തരം പ്രകാരമുള്ള ഉത്തരവ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ വിവിധ തസ്തികകൾക്കുള്ള സ്പെഷ്യൽ റൂൾസ് സംബന്ധിച്ചുള്ളതാണ്. |
| (സി) 10.11.1975-ലെ സ.ഉ.(എം.എസ്) 24/76/ആഭ്യന്തരം അനുസരിച്ച് 18.05.2016-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന തരത്തിൽ ഉത്തരവിൽ ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ